## തിരുവനന്തപുരം വികസന അതോറിറ്റിയിലെ സേവന നികുതി/ ജി.എസ്.ടി/ആദായനികുതി തുടങ്ങിയ വിവിധ അക്കൗണ്ടിംഗ് പ്രവൃത്തികൾ, വ്യവസ്ഥകൾ, യോഗ്യത, ഫീസ് ഘടന എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ

I) പ്രവൃത്തികൾ

1) ആദായ നികുതി നിയമ പ്രകാരം ട്രിഡ കണക്കുകളുടെ ഓഡിറ്റിംഗ്, ആദായ നികുതി റിട്ടേൺ തയ്യാറാക്കൽ, സമർപ്പണം എന്നിവ അതോറിറ്റിക്കുവേണ്ടി നിർവ്വഹിക്കൽ. നികുതി നിർണ്ണയ ഹിയറിംഗുകളിൽ അതോറിറ്റിയെ പ്രതിനിധീകരിച്ച് ആദായ നികുതി അധികാരികളുമായി പ്രസക്ത വിഷയങ്ങൾ ചർച്ച ചെയ്യൽ/വിശദീകരിക്കൽ, അപ്പീൽ ഫയൽ ചെയ്യൽ തുടങ്ങിയ അനുബന്ധ സേവനങ്ങൾ, ടാക്സ് വിഷയങ്ങൾ സംബന്ധിച്ച കൺസൽട്ടൻസി സർവ്വീസ് .

2) നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം പൂർണ്ണമായും പരിശോധിച്ച് ആവശ്യമായ പരിഷ്കരണം/തിരുത്തൽ നിർദ്ദേശിക്കുക.

3) സേവന നികുതി/ജി.എസ്.ടി വിഷയങ്ങളിൽ നിയമാനുസൃതം സമയ ബന്ധിതമായി റിട്ടേണുകൾ ഫയൽ ചെയ്യുക. ടി വിഷയങ്ങളിലെ അപ്പീൽ ഫയലിങ്ങ് ബന്ധപ്പെട്ട വ്യവഹാര നടപടികൾ എന്നിവയിൽ ആവശ്യമുള്ള സേവനങ്ങളും ഉപദേശവും നിർദ്ദേശങ്ങളും മേൽ നോട്ടവും നൽകുക. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട കൺസൽട്ടൻസി സർവ്വീസ്.

4) അതോറിറ്റിയുമായി ബന്ധപ്പെട്ട് ഏൽപ്പിക്കുന്ന ഇതര ജോലികൾ/ സേവനങ്ങൾ (AFS, Budgeting etc.).

II) **അക്കൗണ്ടിംഗ് പ്രവൃത്തികൾ ചെയ്യുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ**

1) ട്രിഡ ഏൽപ്പിക്കുന്ന എല്ലാ ജോലികളും നിയമാനുസൃതമായ നിർദ്ദിഷ്ട സമയപരിധിക്കകം ചെയ്യേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തിയാൽ ആയതിന്റെ കഷ്ട നഷ്ടങ്ങൾക്ക് താങ്കളുടെ സ്ഥാപനം പൂർണ്ണമായും ഉത്തരവാദിയായിരിക്കും.

2) സേവനകാലാവധി ഒരു വർഷത്തേയ്ക്ക് ക്ലിപ്തപ്പെടുത്തിരിക്കുന്നു. സേവനം തൃപ്തികരമാണെങ്കിൽ ആയത് വർഷംതോറും ദീർഘിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

3) സേവന കാലാവധിക്ക് മുമ്പായി ടി സേവനത്തിൽ നിന്ന് പിന്മാറാൻ/ ഒഴിവാകാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. അപ്രകാരം ഒഴിയണമെങ്കിൽ മുൻകൂറായി ഒരു മാസത്തെ നോട്ടീസ് നൽകേണ്ടതാണ്.

4) സേവനം തൃപ്തികരമല്ലെന്ന് ബോദ്ധ്യമായാൽ, സേവന കാലാവധിക്ക് മുമ്പായി ഏത് നിമിഷവും ഒരു മാസത്തെ നോട്ടീസ് നൽകി സേവനം അവസാനിപ്പിക്കുന്നതിന് അതോറിറ്റിക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. ടി സമയത്ത് ചെയ്തുകൊണ്ടിരിക്കുന്ന ജോലി തീർത്തുതരേണ്ടതാണ്.

5) മേൽ വ്യവസ്ഥകളുടെ ലംഘനത്തെ തുടർന്ന് അതോറിറ്റിക്ക് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ അതിന് താങ്കളുടെ സ്ഥാപനം ഉത്തരവാദിയായിരിക്കും.

6) ഈ നിയമനം കേവലം താൽക്കാലിക അടിസ്ഥാനത്തിലുള്ളതായിരിക്കും. കേരള സർക്കാരിന്റെയോ, കമ്പനി നിയമങ്ങളുടേയോ അടിസ്ഥാനത്തിലോ സർവ്വീസ് നിയമങ്ങളുടെ അടിസ്ഥാനത്തിലോ

യാതൊരു ആനുകൂല്യങ്ങളും അവകാശപ്പെടുന്നതിന് താങ്കളുടെ സ്ഥാപനത്തിന് അവകാശമുണ്ടായിരിക്കുന്നതല്ല.

III) <u>യോഗ്യത</u>

1) അഞ്ച് പേരിൽ കുറയാതെ ചാർട്ടേഡ് അക്കൗണ്ടന്റ്മാരുടെ സേവനം ലഭ്യമാക്കുന്ന സ്ഥാപനം.
2) അക്കൗണ്ടിംഗ് മേഖലയിൽ 25 വർഷത്തെ സേവന പരിചയം
3) സ്വന്തമായി രണ്ടിൽ കുറയാത്ത ടാക്സ് മേഖലയിൽ സ്പെഷ്യലൈസ് ചെയ്യുന്ന നിയമോപദേശകരുടെ സേവനം ലഭ്യമാകുന്ന സ്ഥാപനം.
4) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനമോ സമാന സർക്കാർ ഏജൻസിയിലോ അക്കൗണ്ടിംഗ് രംഗത്ത് അഞ്ച് വർഷത്തെയോ അതിൽ കൂടുതലോ ഉള്ള പ്രവർത്തന പരിചയം.

IV) <u>വിവിധ അക്കൗണ്ടിംഗ് സേവനങ്ങളുടെ നിലവിലെ ഫീസ് ഘടന</u>

1) <u>സേവന നികുതി (Sales Tax)</u>

| | | |
|---|---|---|
| റിട്ടേൺ ഫയൽ ചെയ്യൽ | - | 3,500 (ത്രൈമാസികം) |
| ഷോകോസ് നോട്ടീസിന് മറുപടി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന് | - | 5,000 |
| അപ്പീൽ തയ്യാറാക്കി ഫയൽ ചെയ്യുന്നതിന് | - | 5,000 |
| നേർ വിചാരണയ്ക്ക് ഹാജരാകുന്നത് | - | 7,500/-(കൊച്ചി) |
| | - | 10,000/-(ബാഗ്ലൂർ) |

2) <u>ആദായ നികുതി (</u>Income Tax)

| | | |
|---|---|---|
| റിട്ടേൺ ഫയൽ ചെയ്യുന്നതിന് (including GST) | - | 23,600 (20,000+3,600) |

Income Tax നോട്ടീസ് മറുപടി സ്റ്റേറ്റ്മെന്റ്

അപ്പീൽ ഫയൽ ചെയ്യൽ

നേർ വിചാരണയ്ക്ക് ഹാജരാവൽ
കൺസൽട്ടൻസി സർവ്വീസ്

3) <u>Goods & Service Tax (ജി.എസ്.ടി)</u>

റിട്ടേൺ ഫയൽ ചെയ്യൽ

GST നോട്ടീസ് മറുപടി സ്റ്റേറ്റ്മെന്റ് - (സേവന നികുതി റേറ്റുകൾ ബാധകം)

അപ്പീൽ ഫയൽ ചെയ്യൽ

നേർ വിചാരണയ്ക്ക് ഹാജരാവൽ

കൺസൽട്ടൻസി സർവ്വീസ്

സെക്രട്ടറി (i/c)

# തിരുവനന്തപുരം വികസന അതോറിറ്റി

## അജണ്ട ഐറ്റം നമ്പർ :

ഫയൽ നം.എഫ്2/910/18/ട്രിഡ

വിഷയം :- തിരുവനന്തപുരം വികസന അതോറിറ്റിയുടെ സേവന നികുതി/ജി.എസ്.ടി/ആദായനികുതി റിട്ടേൺ തുടങ്ങിയ അക്കൗണ്ടിംഗ് പ്രവൃത്തികളുടെ എകോപനം സംബന്ധിച്ച റിപ്പോർട്ട് - അംഗീകരിക്കുന്നത് - സംബന്ധിച്ച്.

*****************

ട്രിഡയുടെ വിവിധ അക്കൗണ്ടിംഗ് സേവനങ്ങൾ എകോപിപ്പിച്ച് ടി മേഖലയിൽ വൈദഗ്ധ്യമുള്ള ഒരു പ്രൊഫഷണൽ എജൻസിയെ എൽപ്പിക്കുന്ന വിഷയം 21/4/2018 ൽ ചേർന്ന ട്രിഡ കാര്യനിർവ്വാഹക സമിതി ചർച്ച ചെയ്യുകയും ടി വിഷയം വിശദമായി പരിശോധിച്ച് വ്യവസ്ഥകൾ, യോഗ്യത, മുൻഗണനക്രമം എന്നിവ സംബന്ധിച്ച് വിശദമായി റിപ്പോർട്ട് സമർപ്പിക്കാൻ അക്കൗണ്ട് ഓഫീസറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് അംഗീകാരത്തിനായി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

സെക്രട്ടറി

തിരുവനന്തപുരം വികസന അതോറിറ്റി
വഴുതയ്ക്കാട്, തിരുവനന്തപുരം -695010
ഫോൺ:2722748, 2722238 Web site : www.trida.kerala.gov.in
TRIDA Email-tridasecretary@gmail.com

## ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം വികസന അതോറിറ്റിയുടെ സേവന നികുതി/ ജി.എസ്.റ്റി/ആദായ നികുതി എന്നീ വിവിധ അക്കൗണ്ടിംഗ് പ്രവൃത്തികൾക്കായി പൊതുമേഖലാ സ്ഥാപനത്തിലോ സമാനമായ സർക്കാർ ഏജൻസിയിലോ പ്രവർത്തന പരിചയം ഉള്ള പ്രൊഫഷണൽ ചാർട്ടേഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾ ട്രിഡ വെബ് സൈറ്റിലും ഓഫീസിലും ലഭ്യമാണ്.ട്രിഡ ഓഫീസിൽ അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 27.01.2019

ഫയൽ നമ്പർ :ആർ2/3008/2014/ട്രിഡ

Sd/-

തീയതി: 21/12/2018

സെക്രട്ടറി